കൊല്ലം എറണാകുളം റയിൽവെ

*ക ൦ ൪൩ (൪൩) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊല്ലം—എറണാകുളം റയിൽവെ ലൈൻ സർവ്വെ റിപ്പോർട്ട് ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടോ?

(ബി) റയിൽവെ ലൈൻ സംബന്ധിച്ചു ഈ ഗവൺമെണ്ടു എന്തെങ്കിലും നിർദ്ദേശം കേന്ദ്രഗവൺമെണ്ടിനു നൽകിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ)

(എ) ഇല്ല

(ബി) ഇല്ല.

പ്രൊഫസർ മാതൃതരകൻ

*ക ൦ ൪൭ (൪൦) സാഹിബ് ബഹദൂർ വി. ചേലാടിറാവുത്തർ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം ശ്രീനാരായണ കാളേജിലെ ഒരു പ്രൊഫസർ മാതൃതരകനെ പോലീസ് അറസ്റ്റ് ചെയ്തുകയുണ്ടായോ?

(ബി) ഉണ്ടായിട്ടുണ്ടെങ്കിൽ കാരണമെന്തു്

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

കൺട്രോൾ സാധനങ്ങൾ

ക ൦ ൪൮. (൫ ക) സാഹിബ് ബഹദൂർ വി. ചേലാടിറാവുത്തർ: താഴെപറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൺട്രോൾ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

പഞ്ചസാര നെല്ലു് തുടങ്ങിയ കൺട്രോൾ സാധനങ്ങൾ കരിഞ്ചന്തക്കു വിറ്റതിനു് ഗ്രൂർ ഡിസ്ട്രിക്ടിൽ പുതുതായി നിയമിച്ച സ്പെഷ്യൽ ബ്രാഞ്ചു് സ്ക്വാഡ് ഇൻസ്പെക്ടർ എത്ര കേസു് കണ്ടുപിടിച്ചിട്ടുണ്ടു്; എത്രയെണ്ണം ചാർജ്ജു് ചെയ്തിട്ടുണ്ടു് ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): രണ്ടുകേസു് കണ്ടുപിടിച്ചിട്ടുണ്ടു്. അവ അന്വേഷണത്തിൽ ഇരിക്കുകയാണു്. ചാർജ്ജു് ചെയ്തിട്ടില്ല.

KOZHENCHERRY BRIDGE CONSTRUCTION

*1049. [52] **Sri. K. A. Mathew:** Will the Hon'ble Minister for Public Works and Communications be pleased to state:—

(a) when the Kozhencherry bridge construction was completed.

(b) whether any materials brought to Kozhencherry for the bridge construction are still lying about the place exposed to sun and rain.

(c) whether there are trusses left in the place still unremoved.

(d) the cost of the materials thus left lying about.

(e) who the officer responsible for looking after these materials is.

Chief Minister **(Sri. C. Kesavan):**

(a) Towards the close of 1123 M.E.

LIBRARY ARCHIVES Kerala Legislative Assembly